

# മാർക്കോ പോളോ, നോവലും സഞ്ചാരസാഹിത്യവും

സരോജ വർഗ്ഗീസ് , ന്യൂയോർക്ക്




പ്രശസ്ത നോവലിസ്റ്റും കഥാകാരനുമായ ശ്രീ ജോൺ ഇളമതയുടെ പുതിയ നോവലാണ് "മാർക്കോ പോളോ". ഡി.സി. ബുക്സ് പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ ആയിരം കോപ്പികൾ മൂന്ന് മാസം കൊണ്ട് വിറ്റഴിഞ്ഞുവെന്നു ഒരു നിരൂപകൻ എഴുതി കണ്ടു. വായനാപ്രിയയായ എനിക്ക് ശ്രീ ഇളമത ആ പുസ്തകം ഇയ്യിടെ എത്തിച്ച് തന്നിരുന്നു. സ്വതവെ സഞ്ചാര സാഹിത്യത്തിൽ പ്രിയമുള്ള എനിക്ക് ഈ നോവൽ ഒരു സഞ്ചാര സാഹിത്യമായിട്ടും തോന്നുകയുണ്ടായി. ഈ ലേഖിക ഒരു വിമർശകയോ, നിരൂപകയോ അല്ലായെങ്കിലും പുസ്തകം വായിച്ചപ്പോൾ ലഭിച്ച ഒരു സന്തോഷം, അതു പങ്കു വയ്ക്കുക മാത്രമാണിവിടെ.

മാർക്കോ പോളോയുടെ സഞ്ചാരവിശേഷങ്ങളിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ശ്രീ ഇളമത രചിച്ച ഈ നോവൽ വായിക്കുമ്പോൾ നമ്മളും മാർക്കോ പോളോക്കൊപ്പം സഞ്ചരിക്കുന്ന ഒരു പ്രതീതിയുളവാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ടു. ഓരോ പ്രദേശങ്ങളിലൂടെ കടന്നു പോകുമ്പോൾ കാണുന്ന കാഴ്ച്ചകൾ, അവിടത്തെ മനുഷ്യരുടെ സംഭാഷണരീതി, സംസ്കാരം, ആതിഥ്യമര്യാദ എന്നിവ ശ്രീ ഇളമത ഭംഗിയായി പുനർസ്രുഷ്ടിച്ചിട്ടുണ്ടു. മാർക്കോ പോളോ സന്ദർശിച്ച സ്ഥലങ്ങളെക്കുറിച്ചെഴുതിയതിൽ അതിശയോക്തിയുണ്ടെന്നും ചിലതെല്ലാം അദ്ദേഹത്തിന്റെ ഭാവന മാത്രമാണെന്നും വായനക്കാർ അഭിപ്രായപ്പെട്ടിരുന്നു. ശ്രീ ഇളമത അങ്ങനെയുള്ള ചില സംഭവങ്ങൾ വിവരിച്ച് അതിന്റെ സത്യാവസ്ഥ വെളിപ്പെടുത്തുന്നുണ്ട്. ഉദാഹാരണത്തിനു കറുത്തനിറമുള്ള കല്ലുകൾ മനുഷ്യർ കത്തിക്കാൻ ഉപയോഗിക്കുന്നുവെന്നു മാർക്കോ പോളോ എഴുതിയത് "കൽക്കരി"യെക്കുറിച്ചാണെന്നു ശ്രീ ഇളമത വിശദീകരിക്കുന്നു. അതേപോലെ

ചെങ്കിഷ്ഖാൻെറ കൊച്ചുമകൻ കുബ്ലഖാൻ മാർക്കോ പോളോയോട് കാണിച്ച ഔദാര്യങ്ങളും സഹായങ്ങളും വിവരിക്കുമ്പോൾ എത്രയോ വർഷങ്ങൾക്ക് മുമ്പ് നടന്ന സംഭവങ്ങളുടെ ഒരു പുനരാവിഷ്ക്കാരമായിട്ടല്ല മറിച്ച് നമ്മുടെ മുന്നിൽ കാണുന്ന പോലെയുള്ള അനുഭവം ഉളവാക്കാൻ ഇളമതയുടെ ശൈലിക്കും ഭാഷക്കും കഴിഞ്ഞിട്ടുണ്ടു. ഈ പുസ്തകത്തിൽ വായനക്കാരനെ ഏറ്റവും ആകർഷിക്കുന്ന ഒന്നാണു ഇതിലെ ഭാഷ. ഭാഷ അയത്നലളിതവും മനോഹരവുമാണ്. പ്രക്രുതി ദ്ര്യശ്യങ്ങളുടെ വർണ്ണന അതുമൂലം ചേതോഹരമെന്നു പറയേണ്ടിയിരിക്കുന്നു.

ഇതു ചരിത്രത്തിൻെറ ഒരു പുന:രാഖ്യാനമാണ്. മാർക്കോപോളൊ എഴുതിവച്ചത് അങ്ങനെ തന്നെ പരിഭാഷ ചെയ്യാതെ ആ വിവരങ്ങളെ ആസ്പദമാക്കി ഒരു നോവൽ രചിക്കുക എന്ന കർമ്മമാണു ശ്രീ ഇളമത നിർവ്വഹിച്ചിരിക്കുന്നത്. അതു അദ്ദേഹം വിജയകരമാക്കിയെന്നു വായനക്കാർക്കനുഭവപ്പെടും. ചരിത്ര പുരുഷന്മാരെ കുറിച്ച് ശ്രീ ഇളമത മുമ്പും എഴുതുകയും അതൊക്കെ വായനക്കാർ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്തിട്ടുണ്ടു.

ശ്രീ ജോൺ ഇളമതക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

************************************